D

بسم الله الرحمن الرحيم

| റജിസ്ററർ നമ്പർ |
|---|
| |

| Sign. Of Invigilator |
|---|
| |

# LEARN THE QUR-AN
## II EXAMINATION FOR PART 29.
## 2003 MARCH

(റിയാദ് ഇന്ത്യൻ ഇസ്ലാഹീ സെൻറർ ഖുർആൻ പഠന പരീക്ഷാ പദ്ധതി)

സമയം: 2 മണിക്കൂർ

മാർക്ക് :100

**പരീക്ഷാ ചോദ്യക്കടലാസ്**

---

**ഉത്തരക്കടലാസ് അസാധുവാകാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

റജിസ്ററർ നമ്പർ മുകളിലെ കോളത്തിൽ വ്യക്തമായി എഴുതുക.
ഇൻവിജിലേററർ നിശ്ചിത സ്ഥാനത്ത് ഒപ്പ് വെച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
ഏററവും ശരിയായ ഉത്തരത്തിനു നേരെ മാത്രം ✔ അടയാളപ്പെടുത്തുക
വെട്ട്, തിരുത്ത് ഒഴിവാക്കുക.
പരീക്ഷാ ക്രമക്കേടുകൾ ഉണ്ടാകാതിരിക്കുക.

എല്ലാ ചോദ്യങ്ങൾക്കും ഓരോ മാർക്ക് വീതം

1. മൻ ഫിസ്സമാഇ (مَنْ فِي السَّمَاءِ) എന്നതിൻെറ വിവക്ഷ

A, അല്ലാഹു B, മലക്കുകൾ C, നക്ഷത്രങ്ങൾ D, സിംഹാസനം

2. സ്വർഗ്ഗത്തിൽ "മുത്തുകൾ വിതറിയ പോലെ തോന്നുന്നതാണ് " (സൂറ: ഇൻസാൻ)

A, നിരത്തിയ കോപ്പകൾ B, പരത്തിയിട്ട തലയിണകൾ

C, പാറിപ്പറക്കുന്ന പക്ഷികൾ D, ചുററിനടക്കുന്ന കുട്ടികൾ

3. സൂറ: മുദ്ദഥിറിലെ "അധികം മോഹിച്ചുകൊണ്ട് നീ ഉപകാരം ചെയ്യരുത് " എന്നതിൻെറ വ്യാഖ്യാനത്തിൽ പെടാത്തതാണ്

A, ജനങ്ങൾക്ക്, ലാഭേഛയോടെ ഉപകാരം ചെയ്യരുത്.

B, അല്ലാഹുവിൻെറ പ്രീതി മാത്രം കാംക്ഷിച്ച് ക്ഷമയും സഹനവും കൈക്കൊള്ളണം.

C, കർമ്മങ്ങൾ അധികമായിട്ടുണ്ട് എന്നല്ല, പോര, പോര എന്ന വിചാരത്തോടെ ചെയ്യണം.

D, ഉപകാരങ്ങൾക്ക് പ്രത്യുപകാരങ്ങൾ സ്വീകരിക്കാൻ പാടില്ല.

4. നൂഹ്നബിയുടെ പ്രബോധന കാലം

A, 940 B, 950 C, 980 D, 955

5. സൂറ: ജിന്നിൽ, ജിന്നുകൾ പ്രഖ്യാപിക്കാത്ത കാര്യമേത് ?

A, അനീതി ചെയ്യുന്നവൻ നരകത്തിന് വിറകായിത്തീരും

B, ആർ കീഴൊതുങ്ങിയോ അവർ നേർമാർഗ്ഗം ഗൗനിച്ചവനായി.

C, സന്മാർഗ്ഗം കേട്ടപ്പോൾ തന്നെ ഞങ്ങൾ വിശ്വസിച്ചു.

D, അല്ലാഹുവിൽ നിന്ന് ഒരാളും എനിക്ക് രക്ഷ നൽകുന്നതല്ല.

6. زَنِيمٍ (സനീം) എന്നതിൻെറ അർത്ഥത്തിൽ പെടാത്തതാണ്

A, ജാര സന്താനം

B, അന്യകുടുംബത്തോട് ഒട്ടിച്ചേർന്നവൻ

C, കുപ്രസിദ്ധി നേടിയവൻ

D, സംസാരപ്രിയൻ

7. അക്ഷരങ്ങൾ വ്യക്തമാക്കി വാക്കുകൾ മുറിച്ച് വാചകങ്ങൾ നിറുത്തി ഓതുന്നതാണ്

A, തജ്വീദ് B, ഖിറാഅത്ത് C, തിലാവത്ത് D, തർതീല്

8. പള്ളി അല്ലാഹുവിന് ഉള്ളതാണ് അവിടെ

A, അല്ലാഹുവിൻെറ ഔലിയാക്കളെ വിളിച്ചുതേടാം

B, അമ്പിയാക്കളെ വിളിച്ചുതേടാം

C, പുണ്യാത്മാക്കളെ വിളിച്ചുതേടാം

D, അല്ലാഹുവിനോട് കൂടെ ആരേയും വിളിച്ചുതേടരുത്

9. നൂഹ്നബിയുടെ പ്രഥമവും പ്രധാനവുമായ ഉൽബോധനമായിരുന്നു

A, അല്ലാഹുവിനെ ആരാധിക്കുക, അവനെ സൂക്ഷിക്കുക, എന്നെ അനുസരിക്കുക.

B, അല്ലാഹുവിനെ അനുസരിക്കുക, ജനങ്ങളെ സൂക്ഷിക്കുക, എന്നെ പിൻപററുക.

C, ജനങ്ങളെഭയപ്പെടുക, എന്നെസ്വാപാധികംഅനുസരിക്കുക,അല്ലാഹുവിനെ അനുസരിക്കുക.

D, അല്ലാഹുവിനെ ആരാധിക്കുക, എന്നെ അനുസരിക്കുക, ജനങ്ങളെ മാനിക്കുക.

10. റൈഹാനത്തു ഖുറൈശ് (ഖുറൈശികളുടെ വാസനച്ചെടി) എന്ന് അറിയപ്പെട്ട വ്യക്തി.

A, ഹുസൈൻ(റ) B, ഖാലിദ് ബ്നുൽ വലീദ്

C, വലീദ് ബ്നു മുഗീറ D, മുഗീറത്തു ബ്നു ശുഅ്ബ:

11. അല്ലാഹുവിൻെറ അടിയാന്മാർ സാധുക്കൾക്കും, അനാഥകൾക്കും ബന്ധികൾക്കും ഭക്ഷണം നൽകുന്ന ജീവകാരുണ്യ പ്രവർത്തനത്തിൻെറ ലക്ഷ്യം ഇതാണ്.

A, അല്ലാഹുവിൻെറ പ്രീതിയും ജനസ്വാധീനവും

B, അല്ലാഹുവിൻെറ പ്രീതിയും പ്രസിദ്ധിയും

C, പ്രബോധനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കുക

D, അല്ലാഹുവിൻെറ പ്രീതിമാത്രം

12 - 18. താഴെ തന്നിട്ടുള്ള സൂറ: 'മആരിജ്'ലെ ആദ്യ ഏഴ് ആയത്തുകൾക്ക് ക്രമപ്രകാരമുള്ള നമ്പർ ആയത്തുകളുടെ ആദ്യഭാഗത്തുള്ള കോളത്തിൽ എഴുതുക.

| | |
|---|---|
| | സംഭവിക്കാനിരിക്കുന്ന ശിക്ഷയെ ഒരു ചോദ്യകർത്താവ് ചോദിച്ചാവശ്യപ്പെടുന്നു. |
| | നാം അതിനെ അടുത്തായും കാണുന്നു. |
| | നിശ്ചയം അവർ അതിനെ വിദൂരമായ ഒന്നായും കാണുന്നു. |
| | മലക്കുകളും റൂഹും 50,000കൊല്ലം വലിപ്പമുള്ള ഒരു ദിവസം അവങ്കലേക്ക് കയറിപ്പോകുന്നു. |
| | അവിശ്വാസികൾക്ക് അതിനെ തടുക്കുന്നതൊന്നുമില്ല. |
| | കയറിപ്പോകുന്ന സ്ഥാനങ്ങളുടെ അധിപനായ അല്ലാഹുവിൽ നിന്ന് സംഭവിക്കുന്നത്. |
| | എന്നാൽ നബിയേ, നീ ഭംഗിയായി ക്ഷമ കൈക്കൊള്ളുക. |

19. ''നിങ്ങൾക്കെന്താണ് എപ്രകാരമാണ് നിങ്ങൾ വിധികൽപ്പിക്കുന്നത്'' (സൂറ: ഖലം) ആര് ആരോടാണിത് പറഞ്ഞത് ?

A, റസൂൽ മുശ്‌രികുകളോട്

B, മുശ്‌രികുകൾ മുസ്‌ലിംകളോട്

C, മുനാഫിഖുകൾ മുസ്‌ലിംകളോട്

D, അല്ലാഹു അവിശ്വാസികളോട്

20. സൂറ: മുദ്ദഥിറിൽ മരണം എന്ന അർത്ഥത്തിൽ വന്ന പദം.

A, ഫിറാഖ് B, അജൽ C, മൗത്ത് D, യഖീൻ

21. ഭൗതിക സുഖ ഐശ്വര്യങ്ങൾ ഒരു ജനതയുടേയോ വ്യക്തിയുടേയോ നന്മയെ സൂചിപ്പിക്കുന്നതല്ല. കാരണം അത്

A, അവർക്കുള്ള പരീക്ഷണങ്ങൾ മാത്രമാണ്

B, അവരുടെ നന്മക്ക് ഈ ലോകത്തെ പ്രതിഫലമാണ്

C, അവരുടെ പ്രാർത്ഥനയുടെ ഉത്തരമാണ്

D, പൂർവ്വീകർ ചെയ്ത നന്മയുടെ പ്രതിഫലമാണ്.

22. കർപ്പൂര ചുവയുള്ള മദ്യം കുടിക്കുന്നവർ (സൂറ: ഇൻസാൻ) ആരാണ് ?

A, സുഖിയന്മാർ B, കുടിയന്മാർ

C, പുണ്യവാന്മാർ D, പാപികൾ

23. പ്രബോധനത്തിൽ . . . . . .ന് മുൻഗണന നൽകണമെന്ന് മുദ്ദഥിറിലെ ആദ്യ വചനങ്ങൾ പഠിപ്പിക്കുന്നു.

A, താക്കീതിന് B, സന്തോഷ വാർത്തക്ക്

C, വിശ്വാസത്തിന് D, കർമ്മത്തിന്

24 അഞ്ച് സമയത്തെ നമസ്കാരം സൂചിപ്പിക്കുന്ന വചനങ്ങൾ ഈ പാഠഭാഗത്തിലുള്ളത്

A, മുൽക് 7,8 B, അൻകബൂത്ത് 45

C, റൂം 17,18 D, ഇൻസാൻ 25,26

25. നബി(സ) പറഞ്ഞ നല്ല ഖുർആൻ പാരായണത്തിന്റെ സവിശേഷതയേത് ?

A, മധുരമാർന്ന ശബ്ദം

B, ആകർഷക ശൈലി.

C, സാവകാശവും അക്ഷരശുദ്ധിയും

D, ഭയ ഭക്തി നിറഞ്ഞത്

26. "നമ്മുടെ റബ്ബ് നമുക്ക് ഇതിനേക്കാൾ ഉത്തമമായത് പകരം നൽകിയേക്കാം" (സൂറ: ഖലം) ആരാണിത് പറഞ്ഞത് ?

A, ധർമ്മം മോഹിച്ച സാധുക്കൾ B, തോട്ടമുടമകൾ

C, പാവങ്ങളായ നാട്ടുകാർ D, തോട്ടക്കാരുടെ ബന്ധുക്കൾ

27. സ്വർഗ്ഗീയ അനുഗ്രഹങ്ങളിൽ ഏററവും വലുത്

A, ഉദ്ദിഷ്ട കാര്യലബ്ധി

B, അല്ലാവിനെ ദർശിക്കൽ

C, ഹൗളുൽ കൗഥർ

D, സ്വർഗ്ഗ കന്യകമാർ

28. "അന്നേ ദിവസം (മഹാ)നാശം വ്യാജമാക്കുന്നവർക്കായിരിക്കും" എന്ന് മുർസലാത്തിൽ എത്ര തവണ വന്നിട്ടുണ്ട് ?

A, 12 B, 9 C, 10 D, 11

29. ദുആ ചെയ്യുമ്പോഴുള്ള മര്യാദയായി നൂഹ്നബിയുടെ പ്രാർത്ഥനയിൽ മനസ്സിലാക്കാവുന്നത് ?

A, ആദ്യം സ്വന്തം കാര്യം പിന്നീട് ഏററവും ബന്ധപ്പെട്ടവരുടെ പിന്നെ പൊതുകാര്യം

B, ആദ്യം അടുത്തവരുടെ പിന്നീട് പൊതുവിൽ, അവസാനം സ്വന്തം കാര്യം.

C, ആദ്യം റസൂലിന്ന് പിന്നെ സ്വന്തം അവസാനം മററുള്ളവർക്ക് .

D, ആദ്യം മുസ്ലിംകൾക്ക് പിന്നീട് റസൂലിന്ന് അവസാനം സ്വന്തത്തിന്.

30. നമ്മുടെ പാഠ്യപദ്ധതി (29ാം ജുസ്അ്) യിലെ പ്രധാനവിഷയം പരലോകവും സ്വർഗ്ഗ നരകവുമാണ്. എന്നാൽ സ്വർഗ്ഗം പറയാത്ത ഒരധ്യായമാണ്

A, ഖലം B, ഖിയാമ C, ഹാഖ D, നൂഹ്

31. നബി(സ) കൊമ്പിന്റെ ആൾ എന്ന് വിശേഷിപ്പിച്ചത്

A, ദുൽ ഖർനൈൻ B, ദജ്ജാൽ

C, കാഹള മൂതുന്ന മലക്ക് D, വലീദ് ബ്നു മുഗീറ:

32. നൂഹ് നബിയുടെ ജനത നശിപ്പിക്കപ്പെട്ടത്

A, തീക്കാററ് B, വെള്ളപ്പൊക്കം

C, ഭൂമി കുലുക്കം D, മാരക രോഗം

33. സൂറ: മുൽകിലെ رُجُوم (റുജൂമ്) എന്നതിന് വ്യാഖ്യാതാക്കൾ മുൻഗണന നൽകിയ അർത്ഥം.

A, എറിഞ്ഞാട്ടുന്നവ B, ശപിക്കുന്നവ

C, ഊഹിക്കുന്നവ D, ശകാരിക്കുന്നവ

34. രക്തം ചിന്തലിന്റേയും കുഴപ്പത്തിന്റേയും ഉൽഘാടനം പിശാച് കൊണ്ടാടിയത്

A, ഹാബീലിനെ ഖാബീൽ കൊലപ്പെടുത്തിയപ്പോൾ

B, ഖബീലിനെ ഹാബീൽ കൊലപ്പെടുത്തിയപ്പോൾ

C, ഹാബീലും ഖാബിലും സ്വസഹോദരനെ കൊലപ്പെടുത്തിയപ്പോൾ

D, ഹാബീലും ഖാബീലും കൊലപ്പെടുത്തിയവരെ മറവ് ചെയ്തതോടെ

35. നബി(സ)ക്ക് സൂറ: അലഖിലെ ആദ്യ വചനങ്ങൾക്ക് ശേഷം അവതരിച്ച അധ്യായം

A, മുസ്സമ്മിൽ B, ഫാതിഹ

C, മുദ്ദഥിർ D, മുജാദല:

36. "സത്യവിശ്വാസിയോടല്ലാതെ നീ ചങ്ങാത്തം കൂടരുത്, ഭയഭക്തനല്ലാതെ നിന്റെ ഭക്ഷണം തിന്നുകയുമരുത് " ഈ ഹദീസിന്റെ താൽപ്പര്യം.

A, നിന്റെ അടുത്ത കൂട്ടുകെട്ടും ബന്ധവും സത്യവിശ്വാസികളോടും സജ്ജനങ്ങളോടുമാകണം

B, നിന്റെ കൂട്ടുകാർക്കല്ലാതെ നീ ഭക്ഷണം നൽകരുത്.

C, ഭയഭക്തിയുള്ളവരാകണം നിന്റെ കൂട്ടുകാർ.

D, സത്യവിശ്വാസികളുടെ ഭക്ഷണം തിന്നേണ്ടത് സത്യവിശ്വാസികളാകണം.

37. ''നീ മൽസ്യക്കാരനെ പോലെ ആകരുത് '' (സൂറ: ഖലം) ആരാണ് മൽസ്യക്കാരൻ ?

A, മൂസാ നബിയുടെ ഒരനുയായി

B, കടൽ കരയിലെ ഒരു താമസക്കാരൻ

C, ഹൂദ് നബി

D, യൂനുസ് നബി.

38. ഖിയാമത്ത് നാൾ അടുത്തിരിക്കുന്നു എന്നുകേട്ട സ്വഹാബികൾ, ഞങ്ങൾ എന്ത് ചെയ്യണം എന്ന ചോദ്യത്തിന് നബി(സ) പറയാൻ പറഞ്ഞത് ?

A, ഹസ്ബുനല്ലാഹു വനിഅ്മൽ വകീൽ B, യാ റബ്ബി സല്ലിം സല്ലിം

C, അസ്തഗ്ഫിറുല്ലാഹ് D, ലാ തക്തുൽനാ ബിഗളബിക.

39. തോട്ടമുടമകൾ രാത്രി, വെളുക്കാൻ നേരത്ത് ഫലം പറിക്കാൻ വന്നത് എന്ത്കൊണ്ട് ?

A, ജനം അറിയാതിരിക്കാൻ

B, കൂലികൊടുക്കാതെ പണിയെടുക്കാൻ

C, ദാനം കൊടുക്കാതിരിക്കാൻ

D, ചൂടിനാൽ ഫലം വാടാതിരിക്കാൻ

40. നിങ്ങൾ 3 ശാഖകളുള്ള തണലിലേക്ക് പൊയ്ക്കൊള്ളുവീൻ . പരലോകത്ത് ഈ തണൽ ലഭിക്കുന്നത് ആർക്കെല്ലാമാണ് ? (മുർസലാത്ത്)

A, സത്യസന്ധരും സദ്‌വൃത്തരും B, റസൂൽ പറഞ്ഞ 7 വിഭാഗം വിശ്വാസികൾ

C, പ്രവാചകരും ശുഹദാക്കളും D, വ്യാജമാക്കുന്നവർ.

41. ''നീ നിന്റെ നാക്കിട്ട് ചലിപ്പിക്കേണ്ടതില്ല''. (ഖിയാമ:) ഇത് ആര് ആരോടുള്ള പ്രയോഗമാണ്.

A, അല്ലാഹു കുററവാളികളോട്

B, അല്ലാഹു പ്രവാചകനോട്

C, പ്രവാചകൻ മുശ്‌രികുകളോട്

D, മുശ്‌രികുകൾ പ്രവാചകനോട്.

42. ''ഇപ്പോൾ ആരെങ്കിലും കേൾക്കാൻ ശ്രമിക്കുന്നതായാൽ അതിനെ വീക്ഷിക്കുന്ന തീജ്വാല അവൻ കണ്ടെത്തുന്നതാണ് '' എപ്പോൾ ?

A, ആധുനിക യുഗത്തിൽ

B, ജാഹിലിയ്യാ കാലത്ത്

C, മുഹമ്മദ് നബിയുടെ നിയോഗ ശേഷം

D, ഹിജ്റക്ക് മുമ്പ്

43. ശാപത്തിനും, ചില സന്ദർഭങ്ങളിൽ സന്തോഷ സൂചകമായും അറബികൾ ഉപയോഗിക്കാറുള്ള ഒരു പദമാണ്.

A, ഖുതില B, റബിഹ C, ഹലക D, നജഹ

44. 'അവർമിണ്ടാത്തദിവസമത്രെഅത്'. (മുർസലാത്ത്) സംസാരാനുമതി നിഷേധിച്ചത്എന്ത്കൊണ്ട് ?

A, അവർ കള്ളം പറയും B, അവർ ഒഴിവ്കഴിവ് പറയും

C, അവർ പരസ്പരം ആക്ഷേപിക്കും D, അവർ കുററം നിഷേധിക്കും

45. ''അവർ അത് സമീപിച്ചതായി കണ്ടപ്പോൾ'' (സൂറ: മുൽക്) എന്താണ് സമീപിക്കുന്നത് ?

A, അല്ലാഹുവിങ്കലേക്ക് ഒരുമിച്ചു കൂട്ടൽ B, തോട്ടക്കാർ ഫലം പറിക്കാൻ വന്നത്

C, ബദറിലെ, ശത്രുക്കൾ D, ബദറിലെ, വിശ്വാസികളുടെ വിജയം

46. ഹിറായിൽ കണ്ടതിന് ശേഷം നബി(സ) ജിബ്‌രീലിനെ കണ്ടത്

A, പുതച്ചുകിടക്കെ വീട്ടിൽ വെച്ച്

B, നടന്ന് പോകവെ ആകാശത്ത് വെച്ച്

C, നടന്ന് പോകവെ വഴിയിൽ വെച്ച്

D, ആകാശത്തിനും ഭൂമിക്കും ഇടയിൽ വെച്ച്

47. മുർസലാത്ത് ഓതിക്കഴിഞ്ഞാൽ . . . . . . എന്ന് പറയുവാൻ ഹദീസിൽ കാണാം.

A, അൽഹംദു ലില്ലാ B, ആമന്നാ ബില്ലാ

C, ആമൻതു ബില്ലാ D, അസ്തഗ്ഫിറുല്ലാ

48. വിരൽ തലപ്പുകൾ ശരിപ്പെടുത്താൻ കഴിവുള്ളവനാണ് അല്ലാഹു. ഇത് പഠിപ്പിക്കുന്ന വസ്തുത ?

A, പുനർ ജന്മം സുസാധ്യമാണ്

B, സുഖ ദു:ഖങ്ങൾ സ്വാഭാവികമാണ്

C, അല്ലാഹുവിന് എല്ലാം എളുപ്പമാണ്

D, അല്ലാഹുവിന് അസാധ്യമായി ഒന്നുമില്ല

49. ഇൻസാൻ അദ്ധ്യായത്തിൻെറ മറൊരു പേരാണ്

A, നാസ് B, ദഹ്റ് C, ഖിയാമ: D, ഹാവ:

50. യാഥാർത്ഥ്യങ്ങളുടെ നേർക്ക് കണ്ണടച്ചു പൂട്ടി ധിക്കാരം കൈക്കൊള്ളുന്നവർക്ക് ലഭിക്കുന്ന ശിക്ഷ (സൂറ: മുസ്സമ്മിൽ)

A, ഫിർഔനിന് ലഭിച്ച ശിക്ഷ B, സഖർ എന്ന നരകം

C, ലള എന്ന നരകം D, ഹാവിയ എന്ന നരകം

51. സൂറ: ബഖറയിൽ വ്യർത്ഥമാകുന്ന ധർമ്മങ്ങൾക്ക് കാരണം പറഞ്ഞത് ഇപ്രകാരമാണ്

A, പൊങ്ങച്ചം കാണിക്കുന്നതിന് വേണ്ടി നൽകൽ

B, പരസ്യപ്പെടുത്തിക്കൊണ്ട് നൽകൽ

C, ഇരട്ടി തിരിച്ചുകിട്ടും എന്ന്കരുതി നൽകൽ

D, ഉപകാരം എടുത്ത് പറഞ്ഞും ഉപദ്രവിച്ചും നൽകൽ

52. "പേനയും അത് രേഖപ്പെടുത്തുന്നതും തന്നെ സത്യം"എന്നതിൻെറ വിശദീകരണത്തിൽ ഏററവും കൂടുതൽ യുക്തവും വ്യക്തവുമായത് ഏത് കാര്യമാണ് ?

A, മലക്കുകൾ മനുഷ്യകർമ്മം രേഖപ്പെടുത്തൽ

B, ലൗഹുൽ മഹ്ഫൂളിലെ രേഖകൾ

C, വിശുദ്ധ വേദഗ്രന്ഥങ്ങൾ

D, മനുഷ്യർ പേന ഉപയോഗിച്ച് എഴുതുന്നുവ

53. ഐച്ഛിക കർമ്മം എന്നതിന് സാധാരണയായി പറയുന്ന അറബി പദം ?

A, نَافِلَة (നാഫിലത്)

B, مُبَاح (മുബാഹ്)

C, حَسَنَة (ഹസനത്)

D, زِيَادَة (സിയാദത്)

54. ഞാൻ സത്യം ചെയ്തു പറയുന്നു എന്നതിനായി لا أقسم (ലാ ഉഖ്സിമു) എന്ന് നമ്മുടെ ഈ സിലബസിൽ എത്ര തവണ വന്നിട്ടുണ്ട് ?

A, 5 B, 3 C, 4 D, 2

55. ശിക്ഷയായി ചരൽ വർഷം ഉണ്ടായത് ?

A, ശുഐബ് നബിയുടെ ജനതക്ക്

B, ഖാറൂനിനും കൂട്ടാളികൾക്കും

C, ലൂത്വ് നബിയുടെ ജനതക്ക്

D, ഥമൂദ് ഗോത്രത്തിന്

56. "ജനങ്ങളോട് നന്ദികാണിക്കാത്തവർ അല്ലാഹുവിനോട് നന്ദികാണിക്കുകയില്ല" ഇത് പറഞ്ഞത്?

A, അല്ലാഹു B, അബൂബക്കർ(റ) C, മുഹമ്മദ് നബി (സ) D, ഉമർ(റ)

57. സൂറ: മുസ്സമ്മിലിൽ റബ്ബിന് നൽകപ്പെട്ട വിശേഷണം ?

A, അദൃശ്യം അറിയുന്നവൻ

B, പാപങ്ങൾ പൊറുക്കുന്നവൻ

C, ഉദയാസ്തമനങ്ങളുടെ നാഥൻ

D, സർവ്വശക്തൻ

58. "ചങ്ങലകളും വിലങ്ങുകളും കത്തിജ്വലിക്കുന്ന അഗ്നിയും ഒരുക്കിവെച്ചിരിക്കുന്നു" (സൂറ: ഇൻസാൻ) ആർക്കാണിത് ?

A, അവിശ്വാസിക്ക്

B, കപട വിശ്വാസിക്ക്

C, ബഹുദൈവ വിശ്വാസിക്ക്

D, തെമ്മാടിക്ക്

59. نَاظِرَةٌ (നാളിറതുൻ) എന്ന വാക്കിൻെറ അർത്ഥം ?

A, പ്രസന്ന മായിരിക്കും

B, പ്രതീക്ഷിക്കുന്നയായിരിക്കും

C, ഊഹിക്കുന്നവയായിരിക്കും

D, നോക്കുന്നവയായിരിക്കും

60. ''അല്ലാഹു ഉദ്ദേശിക്കുന്നതല്ലാതെ നിങ്ങൾ ഉദ്ദേശിക്കുന്നതല്ല'' എന്നതിൻെറ വിവക്ഷ ?

A, അല്ലാഹു ഉദ്ദേശിക്കും മനുഷ്യൻെറ കർമ്മം കൊണ്ട് പ്രതിഫലം നൽകും.

B, അല്ലാഹുവിനും മനുഷ്യർക്കും പ്രത്യേകം ഉദ്ദേശ്യങ്ങൾ ഉണ്ടാകില്ല.

C, അല്ലാഹുവിൻെറ ഉദ്ദേശ്യം വേണം മനുഷ്യൻെറ ഉദ്ദേശ്യം സഫലമാകാൻ.

D, അല്ലാഹുവിൻെറ ഉദ്ദേശ്യം കൂടാതെ മനുഷ്യന് ഉദ്ദേശിക്കുന്നത് ചെയ്യാം.

61. 'നിങ്ങളുടെ പരിശ്രമം നന്ദിപൂർവ്വം സ്വീകരിക്കപ്പെടുന്നതാണ് ' ഈ സംബോധന ആര് ആരോട്

A, റസൂൽ (സ) സ്വഹാബികളോട്

B, സ്വഹാബികൾ താബിഉകളോട്

C, അല്ലാഹു റസൂലിനോട്

D, അല്ലാഹു പുണ്യവാളന്മാരോട്

62. നബി(സ) വലീദ് ബ്നു മുഗീറക്ക് ഓതിക്കേൾപ്പിച്ച ഖുർആൻ സൂറത്ത് ?

A, സജദ B, ഹാമീം സജദ C, മആരിജ് D, ഖിയാമ:

63, طَعَامًا ذَا غُصَّةٍ (ത്വആമൻ ദാഗുസ്സത്തിൻ) തൊണ്ടയിൽ കുടുങ്ങുന്ന ഭക്ഷണത്തിന് ഉദാഹരണമാണ്

A, സഖ്ഖൂം B, ഗിസ്‌ലീൻ C, ഹാമീം D, സംഹരീർ

64. (റസൂലേ), നീ മയപ്പെടുത്തിയിരുന്നെങ്കിൽ എന്ന് അവർ ആശിക്കുന്നു. ഏത് കാര്യത്തിലാണ് മുശ്‌രികുകൾ മയപ്പെടുത്താൻ ആവശ്യപ്പെടുന്നത് ?

A, സാമൂഹ്യ തിന്മകൾ എടുത്ത് പറയൽ

B, കുടുംബ ബന്ധം മുറിക്കൽ

C, പൂർവ്വ പിതാക്കളെ തള്ളിപ്പറയൽ

D, ശിർക്ക് ദുരാചാരങ്ങളെ എതിർക്കൽ

65. ഇന്നഹാ ല ഇഹ്ദൽ കുബർ ''നിശ്ചയം അത് വൻ കാര്യങ്ങളിൽ പെട്ട ഒന്ന് തന്നെ '' (സൂറ: മുദ്ദഥിർ) ഇവിടെ ഏതാണ് വൻ കാര്യം ?.

A, ഖുർആൻ B, ശിർക്ക് C, നരകം D, വഹ്‌യ്

66. ''എന്നേയും സുഖാനുഗ്രഹത്തിൻെറ ആൾക്കാരേയും വിട്ടേക്കുക'' (സൂറ: മുസ്സമ്മിൽ) തൊട്ട ഉടനെയുള്ള വചനം ഏത് ?

A, നാം അവന്ന് ധാരാളം അയച്ചിട്ട് കൊടുക്കപ്പെട്ട ധനം നൽകി.

B, നാം അവരെ അറിയാത്ത വിധം ശിക്ഷിക്കാം

C, സന്നദ്ധരായ പുത്രന്മാരെ നൽകി.

D, അവർക്ക് അൽപം ഇട നൽകുക.

67. മുർസലാത്ത് എന്നതിൻെറ അർത്ഥത്തിൽ പെടാത്തത്

A, ഒരു സ്ഥലപ്പേര് B, നബിമാർ C, മലക്കുകൾ D, കാററ്

68. ഭക്ഷിക്കാൻ ഇഷ്ടമുണ്ടായിട്ട് കൂടി മററുള്ളവർക്ക് ഭക്ഷണം നൽകുന്ന പുണ്യവാന്മാരെ പററി പറഞ്ഞ അദ്ധ്യായമാണ്

A, മുൽക്ക് B, മുർസലാത്ത് C, ഇൻസാൻ D, മുദ്ദഥിർ

69. ആ (കൊതി) വേണ്ടാ. . .നിശ്ചയമായും അത് തലയുടെ തൊലി പെളിക്കുന്നതാണ്. ഇവിടെ പറയപ്പെട്ട കൊതി ?

A, ഒഴിവ് കഴിവ് പറഞ്ഞ് രക്ഷപ്പെടാം

B, ശുപാർശക്കാരുടെ ശുപാർശ മൂലം രക്ഷപ്പെടാം

C, ഭൂമിയിലുള്ളവരെ മുഴുവൻ പ്രായശ്ചിത്തം നൽകി രക്ഷപ്പെടാം

D, കളവ് പറഞ്ഞ് രക്ഷപ്പെടാം

70. ജിന്നുകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് . . . . .. ൽ നിന്നാണ്.

A, തീ B, മണ്ണ് C, വെള്ളം D, വെളിച്ചം

71. പ്രവാചകനെ പുകഴ്ത്തിയ അദ്ധ്യായം ?

A, മുർസലാത്ത് B, ഇൻസാൻ C, ഖലം D, മുസ്സമ്മിൽ

72, 73, 74 സൂറ: മുർസലാത്തിലെ പ്രസ്താവനകളോട് യോജിക്കുന്നവക്ക് നേരെ ☐ യിൽ നമ്പർ അടയാളപ്പെടുത്തുക.

(1, മുത്തഖികൾ, 2, കുററവാളികൾ 3, അനുഗ്രഹങ്ങളെ വ്യാജമാക്കുന്നവർ )

72. ''നിങ്ങൾ ആ തണലിലേക്ക് മാറിനിന്നുകൊള്ളുക'' ☐

73. ''നിങ്ങൾ അൽപം തിന്നുകയും സുഖിക്കുകയും ചെയ്യുക '' ☐

74. ''നിങ്ങൾ ആനന്ദത്തോടെ തിന്നുകയും കുടിക്കുകയും ചെയ്യുക'' ☐

75. ''ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു ഹൃദയത്തിനും തോന്നിയിട്ടില്ലാത്തതും'' എന്ന് നബി(സ) പറഞ്ഞത് എന്തിനെക്കുറിച്ച് ?

A, സ്വർഗ്ഗ കന്യകമാർ B, നരക ശിക്ഷകൾ

C, പരലോക ഭയാനകതകൾ D, സ്വർഗ്ഗത്തിലെ വസ്തുതകൾ

76. സൂറ: ജിന്നിലെ 1 ാം ആയത്ത് തെളിയിക്കുന്ന സുപ്രധാനമായൊരു വസ്തുത

A, നബി(സ) ജിന്നുകളുമായി ഇടപഴകി ജീവിച്ചട്ടില്ല.

B, ജിന്ന് വർഗ്ഗം അപരിഷ്കൃത മനുഷ്യരാണെന്ന വാദം ശരിയല്ല.

C, ഖുർആൻ അമാനുഷിക അൽഭുതമാണ്

D, ജിന്നുകൾ ഖുർആൻ കേട്ടപാടെ വിശ്വസിച്ചു.

77. അന്ത്യ നാളിലെ ഭീകരതയെ സൂചിപ്പിക്കാൻ ഉപയോഗിച്ച ഒരു പദമാണ്

A, ആജിലത്ത് B, നാഫിലത്ത് C, ലവ്വാമത്ത് D, ബാസിറത്ത്

78. ജിന്നുകൾ വിശ്വാസപ്രഖ്യാപനം നടത്തിയ ഉടൻ ചെയ്ത പ്രതിജ്ഞയിതാണ്

A, ഞങ്ങൾ ശിർക്ക് ചെയ്യുകയില്ല.

B, ഞങ്ങൾ മനുഷ്യരെപ്പോലെ നന്ദികേട് കാണിക്കുകയില്ല.

C, ഞങ്ങൾ മേലിൽ മനുഷ്യരെ വഴിപിഴപ്പിക്കുകയില്ല.

D, ഞങ്ങൾ ആകാശ വാർത്തകൾ കട്ടുകേൾക്കുകയില്ല.

79. സൂറ: മആരിജിലെ റൂഹ് കൊണ്ടുള്ള വിവക്ഷ ?

A, ജിബ്രീൽ B, ആത്മാവ് C, ജീവൻ D, മീകാഈൽ

80. ''ഭൂമിയിലുള്ളവരിൽ തിന്മയാണോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്, അതല്ല അവരുടെ റബ്ബ് അവരിൽ നേർവഴി (അഥവാ നന്മ) ഉദ്ദേശിച്ചിരിക്കുന്നുവോ എന്ന് നമുക്കറിഞ്ഞുകൂടാ''. എന്ന് ജിന്നുകൾ പറഞ്ഞതിലടങ്ങിയ തത്വം ?

A, ദോഷ കാരണം സൃഷ്ടികളിൽ നിന്നാണ് ഉണ്ടാകുന്നത്

B, നന്മയും തിന്മയും അല്ലാഹുവിൽ നിന്നാണ്.

C, നന്മ അല്ലാഹവിൽ നിന്നും തിന്മ മനുഷ്യരിൽ നിന്നുമാകുന്നു.

D, നന്മയും തിന്മയും മനുഷ്യ കർമ്മമാകുന്നു.

81. ''നന്മ പ്രവർത്തിക്കുന്നവർക്ക് ഏററവും നല്ല പ്രതിഫലമുണ്ട്, കൂടുതലുമുണ്ട് '' (ഖുർആൻ) ഏററവും നല്ലത് സ്വർഗ്ഗം തന്നെ ! എന്നാൽ കൂടുതൽ ?

A, ഉന്നത സ്ഥാനം B, സ്തുത്യർഹമായ പദവി

C, പാപമോചനം D, അല്ലാഹുവിൻെറ തിരുമുഖ ദർശനം

82. ''അദൃശ്യത്തെ അറിയുന്നവനത്രെ (അവൻ). എന്നാൽ തൻെറ അദൃശ്യത്തെ അവൻ ഒരാൾക്കും വെളിവാക്കുന്നതല്ല . . . .. . . . . . . . .. '' (സൂറ: ജിന്ന് 26,27)

A, തങ്ങന്മാർക്കും മന്ത്രവാദികൾക്കും അല്ലാതെ.

B, ജോൽസ്യന്മാർക്കും കണിയാന്മാർക്കും അല്ലാതെ.

C, ഏററവും ഇഷ്ടപ്പെട്ട മലക്കുകൾക്ക് അല്ലാതെ.

D, അവൻ തൃപ്തിപ്പെട്ട വല്ല റസൂലിനും (വഹ്യുമുഖേനെ) അല്ലാതെ.

83. സൂറ: മുൽകിൽ പാപമോചനം വാഗ്ദാനം ചെയ്തിട്ടുള്ളത് ?

A, തങ്ങളുടെ റബ്ബിനെ അദൃശ്യമായി ഭയപ്പെടുന്നവർക്ക്

B, വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക്

C, പാതിരാ സമയത്ത് പാപമോചനം തേടുന്നവർക്ക്

D, അല്ലാഹുവിൻെറ മാഹാത്മ്യത്തെ ഓർത്ത് കരയുന്നവർക്ക്

84. 29ാം ജുസ്ഉ് മുഴുവനും മക്കയിൽ അവതരിച്ചവയാണ്. എന്നാൽ മആരിജ് സൂറ: ഇറങ്ങിയത്

A, മദീനയിലാണ് B, മിഅ്റാജിലാണ് C, മക്കയിൽ തന്നെയാണ് D, ബദ്റിലാണ്

85. "നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടത് സംഭവിക്കുക തന്നെ ചെയ്യും" (മുർസലാത്ത്) വാഗ്ദാനത്തിൽ പെടാത്തത് ഏത് ?

A, പരലോകം B, ഇഹലോകം C, അന്ത്യദിനം D, പ്രതിഫലങ്ങൾ

86. നൂഹിൻെറ ജനത ജനങ്ങളെ പിഴപ്പിച്ച രീതിയിൽ ഉൾപ്പെടാത്തത് ?

A, നിങ്ങൾ നിങ്ങളുടെ പരദൈവങ്ങളെ വിടരുത്

B, വദ്ദിനേയും സുവാഇനേയും വിടരുത്

C, യഗൂസിനേയും യഗൂഥിനേയും യഗൂഖിനേയും വിടരുത്

D, അല്ലാഹുവിനെ വിളിച്ചു പ്രാർത്ഥിക്കരുത്

87. "അല്ലാഹു തന്നെ ഭൂമിയിൽനിന്ന് നിങ്ങളെ <u>നബാത്</u> ആയി ഉൽപ്പാദിപ്പിച്ചു" നബാത്ത് എന്നാൽ സസ്യമായി മുളപ്പിച്ചു എന്നതിനോട് മുസ്ലിംകൾ വിയോജിക്കാൻ കാരണം ?

A, സസ്യത്തിൽ നിന്ന് മനുഷ്യൻ എന്ന ഡാർവിൻ സിദ്ധാന്തം പരാജയപ്പെട്ടു പോയി.

B, മർയമിനെക്കുറിച്ച് പറഞ്ഞപ്പോഴും <u>അൻബത</u> എന്ന പദം അല്ലാഹു പ്രയോഗിച്ചു.

C, ഖുർആനിനെ ശാസ്ത്രത്തോട് വെച്ച്കെട്ടുന്നബാലിശമായ വാദങ്ങൾ അപലപനീയമാണ്.

D, ഭൂമിയിലെസസ്യങ്ങൾ മുളച്ച് വ്യാപിച്ചപോലെ മനുഷ്യൻ ഉൽഭവിച്ചുവികസിച്ചു എന്നതാണ് ശരി.

88. നബി(സ) ഉമയ്യത്തിനെപറ്റി <u>അയാളുടെ കവിത വിശ്വസിച്ചു; ഹൃദയം വിശ്വസിച്ചില്ല</u> എന്ന് പറഞ്ഞത് ഏതൊരു തത്വം പഠിപ്പിക്കാനാണ് അമാനിമൗലവി എടുത്ത് ഉദ്ധരിച്ചിരിക്കുന്നത് ?

A, ഖുർആനിൻെറ നിയമ വശങ്ങളെ പ്രശംസിച്ച് ആദ്ധ്യാത്മിക വശങ്ങളെ അവഗണിക്കരുത്.

B, കവികൾ പൊതുവെ വിശ്വാസമില്ലാത്തവരായിരിക്കാം.

C, കവികൾ വിശ്വാസികളായിരിക്കുമ്പോൾ മാത്രമേ നമുക്ക് അംഗീകരിക്കേണ്ടതുള്ളൂ.

D, കവികളോ സാഹിത്യകാരന്മാരോ ആരായിരുന്നാലും വിശ്വാസികൾ ആയിരിക്കേണ്ടതുണ്ട്.

89. സൂറ: മുൽകിൽ "അവൻെറ ആഹാരത്തിൽ നിന്ന് തിന്നുക ! അവങ്കലേക്കാണ് ഉയർത്തെഴുന്നേൽപ്പ്" എന്നത് ഓർമ്മിപ്പിക്കുന്ന ഒരു യാഥാർത്ഥ്യം ?

A, നിങ്ങൾ അല്ലാഹു അനുവദിച്ച നിലക്കായിരിക്കണം ഉപജീവനം തേടേണ്ടത്.

B, അല്ലാഹുവാണ് ഉപജീവനം നിശ്ചയച്ചിട്ടുള്ളത്.

C, ഉപജീവനത്തിലും സമ്പാദ്യത്തിലും മാത്രം ശ്രദ്ധിച്ച് ഭാവിജീവിതത്തെ (പരലോകത്തെ) മറക്കരുത്.

D, ഭക്ഷണക്കാര്യം മറന്നാലും പരലോക കാര്യം മറക്കരുത്.

90 മുതൽ 100 വരെ, തന്നിട്ടുള്ള വചനങ്ങൾ ഉൾപ്പെട്ട അധ്യായം ഏതെല്ലാം ? കാലിയായ കോളത്തിൽ യോജിക്കുന്ന അദ്ധ്യായങ്ങൾക്ക് തന്ന നമ്പറുകൾ പൂരിപ്പിക്കുക.

1. മആരിജ്. 2. മുസ്സമ്മിൽ. 3. മുദ്ദഥിർ
4. ഹാഖ: 5. ഖലം 6. ഇൻസാൻ
7. മുർസലാത്ത് 8. ഖിയാമ 9. മുൽക്
10. ജിന്ന് 11 നൂഹ്

| | | |
|---|---|---|
| 90 | "അവരുടെ തെററുകളാൽ തന്നെ അവർ മുക്കി നശിപ്പിക്കപ്പെട്ടു". | |
| 91 | "ഒരു ഉററബന്ധുവും മറെറാരു ബന്ധുവിനോട് ഒന്നും ചോദിക്കുകയില്ല" | |
| 92 | "പിടിക്കവനെ ! ആമം വെക്കൂ ജ്വലിക്കുന്ന നരകത്തിലേക്ക് കടത്തൂ" | |
| 93 | "അനീതി ചെയ്യുന്നവർ നരകത്തിന് വിറകായിത്തീരുന്നതാണ്" | |
| 94 | "ഞങ്ങൾ കേൾക്കുകയോ ബുദ്ധികൊടുക്കുകയോ ചെയ്തിരുന്നുവെങ്കിൽ" | |
| 95 | "അക്രമികൾക്ക് വേദനയേറിയ ശിക്ഷ അവൻ ഒരുക്കിയിട്ടുണ്ട്." | |
| 96 | "റുകൂഅ് ചെയ്യാൻ പറഞ്ഞാൽ അവർ റുകൂഅ് ചെയ്യില്ല" | |
| 97 | "ശുപാർശക്കാരുടെ ശുപാർശ പ്രയോജനപ്പെടുകയില്ല" | |
| 98 | "സുജൂദ് ചെയ്യാൻ അവർ ക്ഷണിക്കപ്പെടും അപ്പോൾ സാധ്യമല്ല" | |
| 99 | "കുട്ടികളെ നരച്ചവരാക്കുന്ന ഭയങ്കര ദിവസം" | |
| 100 | "അന്നത്തെ ദിവസം മനുഷ്യൻ പറയും എവിടെയാണ് ഓടി രക്ഷപ്പെടുക" | |